<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5386</u> <u>05-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കാലിക്കറ്റ് സർവ്വകലാശാലയിലെ ഹെൽത്ത് സെന്റർ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയിലെ ഹെൽത്ത് സെന്ററിലെ ചികിത്സയ്ക്കും മറ്റ് സേവനങ്ങൾക്കും പരിസരവാസികളിൽ നിന്നും ഫീസ് ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലിക്കറ്റ് സർവകലാശാലയിലെ ഹെൽത്ത് സെന്ററിൽ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നൽകിയ ശിപാർശ അംഗീകരിച്ചുകൊണ്ട് 2024 ഫെബ്രുവരി മാസം പതിനാറാം തീയതിയിലെ സർവകലാശാല ഉത്തരവ് പ്രകാരം 2024 മാർച്ച് ഒന്ന് മുതൽ പൊതു ജനങ്ങളിൽ നിന്ന് പത്തു രൂപ ഒ.പി. ടിക്കറ്റ് ഫീസായി ഈടാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സർവ്വകലാശാലയ്ക്ക് സ്ഥലം നൽകിയവരായ നാട്ടുകാർക്ക് ചികിത്സ സൗജന്യമാക്കുന്നത് സാമൂഹിക പ്രതിബന്ധത നിറഞ്ഞ പ്രവർത്തനമെന്ന നിലയിൽ ഫീസ് ഈടാക്കാൻ ആരംഭിച്ച നടപടി അവസാനിപ്പിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കാലിക്കറ്റ് സർവകലാശാലയിലെ ഹെൽത്ത് സെന്ററിൽ പുറമെ നിന്നുള്ള ഒരു സാമ്പത്തിക സഹായവും ലഭിക്കാതെ തന്നെ മെഡിക്കൽ ഓഫീസറുടെ സേവനം, മരുന്നുകൾ, ലബോറട്ടറി സേവനങ്ങൾ, നഴ്സിങ് സേവനങ്ങൾ തുടങ്ങിയ എല്ലാ സേവനങ്ങളും കാലങ്ങളായി സൗജന്യമായാണ് നൽകി വന്നിരുന്നത്. എന്നാൽ വർദ്ധിച്ചു വരുന്ന അനുബന്ധ ചിലവുകൾ പരിഗണിച്ചും ഇത് സർവകലാശാല തന്നെ കണ്ടെത്തേണ്ടുന്ന സവിശേഷ സാഹചര്യം പരിഗണിച്ചും, സർവകലാശാല വിദ്യാർത്ഥികൾ, അധ്യാപക-അനധ്യാപക ജീവനക്കാർ എന്നിവർക്ക് സൗജന്യമായും മറ്റു പൊതുജനങ്ങളിൽ നിന്നും ഒ.പി. ടിക്കറ്റ് ചാർജ്ജായി മിതമായ നിരക്കായ പത്തു രൂപ ഈടാക്കാനും, ലബോറട്ടറി / ഫാർമസി സേവനങ്ങൾ ബി.പി.എൽ. വിഭാഗത്തിന് സൗജന്യമായും മറ്റു പൊതുവിഭാഗത്തിന് ഇളവുകളോട്ടുകൂടിയും നൽകാൻ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ അംഗീകരിച്ചുകൊണ്ടാണ് 2024 മാർച്ച് ഒന്ന് മുതൽ പൊതുജനങ്ങളിൽ നിന്നും പത്തു രൂപ ഒ.പി. ടിക്കറ്റ് ഫീസായി ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ